# Kerala Private College Teacher

AKPCTA

JUNE
1983

# കത്തുകൾ

## എം. പി. പോൾ

സാഹിത്യകാരനായ പോളിനെ മാത്രം മനസിലാക്കിയിരുന്നവർക്ക് പുതിയ അറിവാണ് കൺവൻഷൻ സ്പെഷ്യലിൽ വന്ന 'History of a Cut' എന്ന ലേഖനം. അനീതിക്കെതിരേ അധ്യാപകനിൽ ജ്വലിച്ചുനിൽക്കേണ്ട പ്രതിഷേധത്തിന്റെ പ്രാധാന്യം ലേഖനം വരച്ചുകാട്ടുന്നുണ്ട്. ശ്രീ എം.പി. പോളിന്റെ 'History of a Cut' പൂർണ്ണമായി ജേർണലിൽ പ്രസിദ്ധപ്പെടുത്തിയാൽ നന്നായിരുന്നു.

പി. ജി. ജോർജ്, തൃശൂർ.

സംഘടനയുടെ കൺവൻഷൻ ദിവസം പുറത്തിറക്കിയ ജേർണൽ സ്പെഷ്യൽ, കെട്ടിലും മട്ടിലും ഉള്ളടക്കത്തിലും അതിമനോഹരമായിരിക്കുന്നു. സാധാരണ പത്രസ്ഥാപനങ്ങൾ പ്രസിദ്ധീകരിക്കുന്ന വിശേഷാൽപ്പതിപ്പുകളോടുകിടപിടിയ്ക്കാൻ ഇതിനുകഴിഞ്ഞിട്ടുണ്ട്. നാളിതുവരെ നടന്നിട്ടുള്ള സമരങ്ങളുടെയെല്ലാം ഫോട്ടോ ചേർത്തിരിക്കുന്നതും നന്നായി. ലേഖനങ്ങളും കവിതകളും നല്ലനിലവാരം പുലർത്തിയിട്ടുണ്ട്. ചെറുകഥകൾ അത്രത്തോളം ഉയർന്നുകണ്ടില്ല.

കെ. സുകുമാരൻനായർ, കോട്ടയം

## യതിയുടെ ലേഖനം

'കൺവൻഷൻ പതിപ്പിൽ' ഗുരു നിത്യചൈതന്യയതി എഴുതിയ ലേഖനം തികച്ചും ശാസ്ത്രീയമായ സമീപനത്തോടകൂടിയതുതന്നെ. 'ചൈതന്യവത്തായ വിദ്യാഭ്യാസം ഉണ്ടായിരിക്കണമെങ്കിൽ അത് തികഞ്ഞ രാഷ്ട്രീയബോധത്തോടുകൂടി ആവിഷ്കരിച്ച് ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു'' എന്ന അഭിപ്രായം സാധാരണ പറഞ്ഞു കേൾക്കാത്തതാണ്. രാഷ്ട്രീയമാണ് എല്ലാകുഴപ്പങ്ങൾക്കും കാരണം എന്നുപറഞ്ഞ് രക്ഷപ്പെടാനാണല്ലോ മിക്കയാളുകളും ശ്രമിയ്ക്കുക. അതല്ല ശരിയെന്നും രാഷ്ട്രീത്തെക്കുറിച്ച് ശാസ്ത്രീയമായ ബോധം വളർത്തിയെടുത്താലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു എന്നും ഗുരു പറയുന്നത് ശ്രദ്ധിക്കേണ്ടതാണ്.

എൻ. അജയകുമാർ, കണ്ണൂർ

---

# പ്രധാന അറിയിപ്പ്

'കൺവൻഷൻ സ്പെഷ്യലി'ന്റെ വില, പരസ്യത്തുക— ഇതു രണ്ടും എത്രയുംവേഗം ചീഫ് എഡിററർക്ക് അയയ്ക്കുക.

Address

VASANTHAM
CHEMPAKASERRY NAGAR
KESAVADASAPURAM
TRIAVNDRUM-4

# നവവൽസരച്ചുമതലകൾ

എം. ആർ. സി.

പുതിയ വിദ്യാഭ്യാസവർഷം പുതിയ ചുമതലകൾ നമ്മിൽ അർപ്പിക്കുന്നു. ഏ. കെ. പി. സി. ടി. എ. കഴിഞ്ഞ കൊല്ലത്തെ ഊർജ്ജിതമായ അതിന്റെ പ്രവർത്തനചര്യ തുടർന്നു പോകേണ്ടതുണ്ട്. ഗവൺമെന്റ് നൽകിയ ഉറപ്പുകൾ നടപ്പിലാക്കിക്കിട്ടാനായി കഴിഞ്ഞ കൊല്ലത്തിൽ വമ്പിച്ച ഒരു പ്രസ്ഥാനം നാം നയിച്ചു. അതിന് ചുരുങ്ങിയഫലവുമുണ്ടായി. കൊല്ലം കൺവൻഷനും അതിന്റെ ഭാഗമായ ജേർണൽസ്പെഷ്യലും കഴിഞ്ഞ കൊല്ലത്തെ ഗണനീയ സംഭവങ്ങളാണ്. ജേർണലിന്റെ പിരിഞ്ഞുകിട്ടാനുള്ള പരസ്യതുക ഉടൻ പിരിച്ചെടുക്കണം. ഓരോ ബ്രാഞ്ചും ജില്ലാസെക്രട്ടറിമാരും മററു അസോസിയേഷൻ ഭാരവാഹികളും അതിൽ ഉടൻ മനസ്സിരുത്തണം. 400 പുതിയ അംഗങ്ങളെ ചേർക്കുകയെന്നതാണ് നമ്മുടെ മറെറാരു ചുമതല. കഴിഞ്ഞകൊല്ലം 700 ഓളം പുതിയ അംഗങ്ങൾ ഉണ്ടായി. ഇക്കൊല്ലത്തെ ലക്ഷ്യം കൊക്കിലൊതുങ്ങാത്തതല്ലല്ലോ. പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടതായ ഒരു സംഗതി നമ്മുടെ വെൽഫെയർട്രസ്ററിൽ അംഗങ്ങളെ ചേർക്കുന്നതു സംബന്ധിച്ചുള്ളതാണ്. 1000 പുതിയ അംഗങ്ങൾ ആണ് ലക്ഷ്യം ആയിരംപേർ പുതിയതായിചേർന്നാൽ പോലും നമ്മുടെ ആകെ അംഗങ്ങളിൽ മൂന്നിന് ഒരാൾ അംഗമാകാൻ ബാക്കിയാണ്. അസോസിയേഷൻ അംഗങ്ങളൊക്കെ ട്രസ്ററിലും അംഗമാവുക എന്നതത്രേ അഭികാമ്യമായിട്ടുള്ളത്, ട്രസ്ററ് നാം ഉണ്ടാക്കുന്നകാലത്ത് നമുക്ക് റിട്ടയർമെൻറ് ആനുകൂല്യങ്ങൾ ലഭിച്ചിരുന്നില്ല. ഒന്നിച്ചു കൂട്ടമായിപ്പോകുന്നവരിൽ ആരാണ് വഴിക്കുവീഴുക എന്നറിയില്ലല്ലോ. അങ്ങനെ

---


# കേരളാ പ്രൈവററ് കോളേജ് ടീച്ചർ

**അഖിലകേരള പ്രൈവററ് കോളേജ് അധ്യാപകസംഘടനയുടെ മുഖപത്രം**

നമ്പർ 44    ജൂൺ 1983    വില 1 രൂപ    വാർഷികവരിസംഖ്യ 10 രൂപ


---


## പത്രാധിപ സമിതി

ചെയർമാൻ: എം. ആർ. ചന്ദ്രശേഖരൻ    ചീഫ് എഡിററർ: വി. എൻ. മുരളി

അംഗങ്ങൾ: എൻ. എം. ജോസഫ്, എം.കെ. ചിണ്ടൻകുട്ടി, തോളൂർ ശശിധരൻ ആർ. ശശിധരൻ, വി. നാരായണൻകുട്ടി, ടി. ഗോപാലകൃഷ്ണൻ, പി. ജെ. മാത്യു.

വീണു പോകുന്നവരോട് നാം ഹൃദയത്തിൽ സൂക്ഷിക്കുന്ന സഹാനുഭൂതിയുടെ പ്രത്യക്ഷ ദൃഷ്ടാന്തമാണ്, ട്രസ്റ്റിൽ നിന്ന് നാം നൽകുന്ന പതിനായിരത്തിൽ കുറയാത്ത സംഖ്യ. ഇതു തനിയ്ക്കു വേണ്ടിയുള്ള ഒരു ലാഭനിക്ഷേപമായി യാതൊരാളും കരുതേണ്ട. ആർക്കോവേണ്ടിയാണ്. അത് നിസ്വാർത്ഥമായ വദാന്യതയാണ് അതിലുള്ളത്. ഇതിന്റെ തത്വം നമ്മുടെ അംഗങ്ങൾ മനസ്സിലാക്കണം. 100+5ക. ഇന്നത്തെ നിലയ്ക്ക് ഒരു കോളേജ് അധ്യാപകന് നീക്കിവയ്ക്കാൻ പററാത്ത ഒരു വലിയ സംഖ്യയല്ല. നാം ഈ ക്ഷേമനിധി ഉണ്ടാക്കുമ്പോൾ കരുതിയിരുന്നതിലും എത്രയോ കവിഞ്ഞതോതിലുള്ള മരണമാണ് അധ്യാപകരെ സംബന്ധിച്ചുണ്ടാകുന്നത്! പതിനഞ്ചിലധികം പേരുകൾ മരണപ്പെട്ടവരുടെ പട്ടികയിലുണ്ട്. നമ്മുടെ പരീക്ഷാ ക്യാമ്പുകളിൽ ട്രസ്ററ് അംഗത്വം സംബന്ധിച്ച് പ്രചരണം നടന്നു. എന്നാൽ, കുറച്ചു പേരുടെ സംഖ്യമാത്രമാണ് ലഭിച്ചു കഴിഞ്ഞിട്ടുള്ളത്. കൊല്ലാരംഭത്തിൽ വരിസംഖ്യപിരിക്കേണ്ടതുണ്ട്. 20 കയാണ് വരിസംഖ്യ. വരിസംഖ്യപ്പിരിവ് കൊല്ലം മുഴുവൻ നീളുന്ന ഒരു പ്രവർത്തനമാകുന്നത് ഒരു സംഘടനയ്ക്കും ഭൂഷണമല്ല. വരിസംഖ്യക്കാര്യം കഴിഞ്ഞ് ക്ഷേമനിധിക്കാര്യം ഏറെറടുക്കാൻ കാത്തിട്ട് കഴിഞ്ഞകൊല്ലം രണ്ടാമതു പറഞ്ഞതിന് അവസരമുണ്ടായില്ല. അതുകൊണ്ട് ഇക്കൊല്ലം രണ്ടും ഒരുമിച്ചു പോകണമെന്ന് നമുക്ക് നിശ്ചയിക്കാം.

ഗവൺമെൻറ് നൽകിയ ഉറപ്പുകളിൽ നോൺകാഡർ ഒന്നാം ഗ്രേഡ് പ്രൊഫസർ സ്ഥാനം മാത്രമാണ് കഴിഞ്ഞ കൊല്ലം കല്പനയായത്. അത് കയ്യിലായില്ല. ഇന്ന് അതിനുവേണ്ട പ്രക്ഷോഭണം നടത്തണം. മററു ഉറപ്പുകൾകൂടി പരിഗണിക്കുമെന്ന് മുഖ്യമന്ത്രിയുടെയും വിദ്യാഭ്യാസമന്ത്രിയുടെയും വാഗ്ദാനമുണ്ട്. അതു സംബന്ധിച്ച് കാര്യമായ ശ്രമം വേണ്ടതുണ്ട്., പേകമ്മീഷൻ വന്നിരിക്കുന്നു. അതിൽ ജീവനക്കാരുടെ പ്രതിനിധിയില്ലെന്നവലിയന്യൂനതയുണ്ട്. പേകമ്മീഷൻഎപ്പോഴും അധ്യാപകരോട് ചിററമ്മനയമാണ് കൈക്കൊണ്ടു കണ്ടിട്ടുള്ളത്. ഓരോ പരിഷ്ക്കാരവും അധ്യാപകരുടെ ശമ്പളവും ഗ്രേഡും സമാന തസ്തികയിലിരുന്നവരെ അപേക്ഷിച്ച് ഇടിച്ചു താഴ്ത്തപ്പെടാനാണുതകിയിട്ടുള്ളത്. ഇത്തരം 'അനോമലി'കൾ തീർക്കണം എന്ന നമ്മുടെ അഭ്യർത്ഥന ഗവൺമെൻറു ചെവിക്കൊണ്ടിട്ടില്ല. ഗവൺമെൻറ് ഈയിടെ യൂണിവേഴ്സിററി റീഡർമാരുടെ ശമ്പളം ഉയർത്തി. ഗ്രേഡ് I പ്രൊഫസർമാർക്കും റീഡർമാർക്കും ശമ്പളം തുല്യമായിരുന്നു. റീഡർക്കു കൂട്ടിയപ്പോൾ എന്തുകൊണ്ട് ഗ്രേഡ് I പ്രൊഫസർമാരുടെ ശമ്പളം കൂടികൂട്ടിയില്ല! ഇതൊന്ന്. ഇതുപോലെവേറെയും പല പ്രശ്നങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പുതിയ കൊല്ലമെന്നാൽ അനേകം പുതിയ ചുമതലകൾ എന്നാണർത്ഥം. പ്രവർത്തിനിരതമായ ഒരു പുതുവർഷം നമ്മെ സംബന്ധിച്ച് ആരംഭിക്കുകയാണ്. എല്ലാ അസോസിയേഷൻ അംഗങ്ങളും ഇതൊക്കെ ഓർത്തിരിക്കേണ്ടതാണ്. പുതുവർഷാരംഭത്തിൽ അവർക്ക് അസോസിയേഷന്റെ ആശംസകൾ.

കുറിപ്പുകൾ........

## മനുഷ്യത്വമില്ലായ്മേ! നിന്റെപേർ .......

എൻ. എസ്. എസ്. മാനേജ്മെന്റിന്റെ കോളേജു നടത്തിപ്പിനെപ്പററി ഈ പംക്തികളിൽ ഞങ്ങൾ പലവട്ടം എഴുതിയിട്ടുണ്ട്. എൻ. എസ്. എസ്. അധികൃതൻമാരുടെ കണ്ണുതുറക്കുമെന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. ഗവൺമെന്റ് കൂടിയാലോചനനടത്തിയപ്പോൾ, തത്വാധിഷ്ഠിതമായേ അധ്യാപകരെ ട്രാൻസ്ഫർ ചെയ്യുകയുള്ളുഎന്ന് എൻ. എസ്. എസ്. കാരും ഉറപ്പുനൽകിയതായിട്ടാണ് ഞങ്ങളുടെ അറിവ്. തത്വദീക്ഷ കൂടാത്ത ട്രാൻസ്ഫറുകളുടെഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് ഇടപെടുമെന്നും പറഞ്ഞു. ഇപ്പോഴിതാ, പുതിയ വിദ്യാഭ്യാസവർഷാരംഭത്തിൽ എൻ. എസ്. എസ്. പഴയ പാരമ്പര്യത്തിൽതന്നെ ട്രാൻസ്ഫറുകൾ നടത്തിയിരിക്കുന്നു. കോളേജ്, വിദ്യാർത്ഥികൾക്കു പഠിക്കാനാണ്. അവരെ പഠിപ്പിക്കാനാണ് അധ്യാപകർ. അതാതു കോളേജിൽ പഠിപ്പിക്കാൻ ആവശ്യമായത്ര അധ്യാപകരെ നിയമിക്കണം. അതു ചെയ്യുമ്പോൾ ആ അധ്യാപകരും മനുഷ്യരാണെന്ന ഒരു കഴ്ചപ്പാട് മാനേജുമെന്റിന് ഉണ്ടാകേണ്ടതല്ലേ? ഏതാളും, സ്വന്തം നാട്ടിലും ജനിച്ചുവളർന്ന വീട്ടിലും താമസിച്ചു ജോലി ചെയ്യാനാണ് ആഗ്രഹിക്കുക. എല്ലാവരെ സംബന്ധിച്ചും ആ സൗകര്യം ലഭിച്ചെന്നു വരില്ല. അസൗകര്യങ്ങൾ ഉണ്ട്. ഉണ്ടാകും. പക്ഷെ, അത് സമമായി വീതിക്കേണ്ടേ? ചില ആളുകൾ എന്നും തിണ്ടാടിക്കൊള്ളണമെന്നുണ്ടോ? സ്വജനപ്രീണനം മാത്രമാണോ നയം? എൻ. എസ്. എസ്. കോളേജിലെ അധ്യാപകരിൽ അധികം പേരും എറണാകുളത്തിന്ന് തെക്കു നിന്നുള്ളവരാണ്. മലബാറിൽ എൻ. എസ് എസിന് കുറെ കോളേജുകൾ ഉണ്ട്. ഈ കോളേജുകളിൽ ഒരേ ആളുകളെത്തന്നെ എന്നെന്നും കുററിയടിച്ചുകെട്ടുന്നതു ശരിയാണോ? മലബാർ സേവനത്തിന്റെ അസൗകര്യം പന്തളത്തും ചങ്ങനാശ്ശേരിയിലും തിരുവനന്തപുരത്തും സ്ഥിരമായിട്ടു കൂടിയിട്ടുള്ളവർക്കു കൂടി നൽകേണ്ടേ? പത്തും പതിനഞ്ചും ഇരുപതും കൊല്ലമായി മലബാറിലെ കോളേജുകളിൽ കുടുങ്ങിയിട്ടുള്ളവരെ അവരുടെ 'ജന്മദേശത്തിനടുത്തുള്ള കോളേജിലേക്ക് മാററി നിയമിച്ചു കൂടയോ? എല്ലാവർക്കും ഒരു മലബാർ സർവ്വീസാകട്ടെ എന്നുവച്ചാൽ മലബാർ പ്രശ്നം തീർന്നു. ഗവൺമെന്റ് അങ്ങനെയാണു ചെയ്യുന്നത്. ഗവൺമെന്റ് ഇപ്പോൾ തങ്ങൾ കൊണ്ടു നടക്കുന്നു എന്ന അഹന്തയുള്ള എൻ. എസ്. എസ്. മാനേജുമെന്റ് പക്ഷെ അതു ചെയ്യുകയില്ല. പരമാവധി അസൗകര്യം അധ്യാപകർക്ക് ഉണ്ടാക്കുക എന്നതിലാണ് എൻ. എസ്. എസിന്റെ ട്രാൻസ്ഫർ പട്ടികയുണ്ടാക്കുന്നവർക്ക് താല്പര്യം. മലബാറിൽ മാത്രമല്ല പഴയ തിരുവിതാംകൂർ പ്രദേശത്തും അതു തന്നെ നയം. ഇതുമായി ബന്ധപ്പെട്ട് അഴിമതി വളരുന്നു. പെരുന്നയിൽ പാടുകിടന്ന് വീട്ടുമുററത്തേക്ക് സൗകര്യമായ ട്രാൻസ്ഫർ വാങ്ങുന്നവരുണ്ട്. എന്നാൽ, ആത്മാഭിമാനമുള്ളവർക്ക്, അതു പററുമോ? ദമ്പതികളെ കഴിയുന്നത്ര ഒരിടത്ത് നിയമിക്കണമെന്നാണ് നിയമം. മനുഷ്യത്വവും അതു തന്നെ ആവശ്യപ്പെടുന്നു. എന്നാൽ, ദമ്പതിമാരെ ഇണപിരിച്ചു പീഡിപ്പിക്കുന്നതിലാണ് എൻ. എസ്. എസിന് ഒരു വക ദുരാഹ്ലാദമുള്ളത്. വീടും മക്കളും ഒരിടത്ത്; അച്ഛൻ മറെറാരിടത്ത്; അമ്മ വേറെയൊരിടത്ത്. തലവിധികൊണ്ട് എൻ. എസ്. എസിൽ ജോലിക്കു ചേർന്നതിന്റെ ഫലം! ഇത്തരത്തിൽ ഗതിമുട്ടിയ എത്രയോ കുടുംബങ്ങൾ ഉണ്ട്. കൊല്ലത്തിൽ എത്ര ട്രാൻസ്ഫർ ഉണ്ടാകാം? ഭരണപരമായ ചില ആവശ്യങ്ങളെ മുൻനിർത്തിയല്ലേ ട്രാൻസ്ഫർ വേണ്ടത്? അതിന് ഒരു സമയവും സന്ദർഭവുമില്ലേ? ഇടയ്ക്കിടയ്ക്ക് ആളെ പിടിച്ചു മാററുന്നത് അധികാരത്തിന്റെ ഹുങ്ക് കാണിക്കാനല്ലാതെ മറെറന്തിനാണ്? രണ്ടു കൊല്ലത്തിനിടയ്ക്ക് നാലുവട്ടം ട്രാൻസ്ഫർ ചെയ്യപ്പെടുക! ഭാര്യയും ഭർത്താവും എൻ. എസ്. എസിൽ ജോലി ചെയ്യുന്ന സ്ഥിതിയിൽ ഒരു കുടുംബത്തിൽ രണ്ടു കൊല്ലത്തിനിടയ്ക്ക് അഞ്ചും ആറും ട്രാൻസ്ഫർ ആണ് ഉണ്ടാവുക! ഇതിന് എന്താണ് ഒരു നീതീകരണം? നമ്മുടെ നാട്ടിൽ കോളേജുകളിൽ അധികവും ഗ്രാമങ്ങളിലാണ്. വീടുകിട്ടാൻ വളരെ ഞെരുക്കമുണ്ട്. നല്ല വിദ്യാലയങ്ങളും അതി-

ദുർല്ലഭമാണ്. പുതിയ കോളേജിൽ എത്തി കുടുംബം സ്ഥാപിച്ച് മക്കളെ പുതിയ വിദ്യാലയങ്ങളിൽ ചേർത്ത് ഒരിടത്തിരിക്കാൻ നോക്കുമ്പോഴേയ്ക്കും വരുന്നു ഇടിവാൾ പോലെ വീണ്ടും ട്രാൻസ്ഫർ. ഭർത്താവിന് മാററം ഒരിടത്തേക്ക്. ഭാര്യക്ക് മാററം മററൊരിടത്തേക്ക്. മക്കൾ പെരുവഴിയിൽ! ഇതൊക്കെയാണ് തങ്ങൾ ചെയ്യുന്നതെന്ന് ചങ്ങനാശ്ശേരി വാഴുന്നവർ ഓർക്കാതെയുണ്ടോ? രോഗം വലിയ ഒരാപത്താണ്. ഹൃദ്രോഗവും ക്യാൻസറുമാണ് ഇന്ന് ആരെയും ഞെട്ടിക്കാൻ പോകുന്ന രോഗങ്ങൾ. കഠിനമായ ഹൃദ്രോഗം ബാധിച്ച് വല്ലവിധവും അതിൽ നിന്നും രക്ഷപ്പെട്ട് സർവ്വീസിൽ തുടരുന്നവരെ രോഗപ്രതിരോധത്തിന് ഒരു വശവുമില്ലാത്ത ഓണംകേറാമൂലയിൽ തളച്ചിടുന്നതിന് എന്താണൊരുനീതീകരണം? ഡോക്ടർ സർട്ടിഫിക്കേററോടെ ഹൃദ്രോഗ ചികിൽസയ്ക്ക് സൗകര്യമുള്ളടത്തേക്ക് മാററം നൽകണമെന്ന് ഒരധ്യാപകൻ അപേക്ഷിച്ചാൽ ആ അപേക്ഷ കൈക്കൊള്ളാൻ എൻ. എസ്. എസ്. മാനേജുമെൻറ് എന്തു കൊണ്ടു മടിക്കുന്നു? ഉന്നത സ്ഥാനങ്ങളിൽ ആളുകൾ ചെന്നുപെടുന്നത് ചിലപ്പോൾ പ്രയത്നം കൊണ്ടും പലപ്പോഴുംഭാഗ്യം കൊണ്ടുമാണ്. ഗ്രഹനിലമാറിവരുമ്പോൾ, പൂന്താനം പാടിയതുപോലെ. കഴുത്തിൽ മാറാപ്പായെന്നുവരും. ഉയരും തോറും വളരേണ്ടതു നീതിബോധവും മനുഷ്യത്വവുമാണ്. ഇതു രണ്ടും തൊട്ടുതെറിച്ചിട്ടില്ല എൻ. എസ്. എസ്. നേതൃത്വത്തിലുള്ളവരിലെന്നോ?

തിരുവനന്തപുരത്ത് എൻ.എസ്. എസ് വക സ്ത്രീകളുടെ ഒരു കോളേജുണ്ട്. പുരുഷൻമാരെ സ്ത്രീകളുടെ കോളേജിൽ നിയമിക്കാൻ പാടില്ല. എന്നാൽ, എൻ. എസ്. എസ് ആ നിയമം ലംഘിക്കുന്നു. കരമനയിലെ സ്ത്രീകളുടെ കോളേജിൽ പുരുഷൻമാരെ നിയമിക്കുന്നത് സ്ത്രീകളെ കിട്ടാനില്ലാഞ്ഞിട്ടോ, ആ നിയമിക്കപ്പെട്ടവർക്ക് പുരുഷഗുണം ഇല്ലെന്നു പരിശോധിച്ചറിഞ്ഞിട്ടോ? അത് സ്വജന പ്രീണനത്തിൻെറ മുഴുത്ത ദൃഷ്ടാന്തമാണ്. ആ കോളേജിൽ നിശ്ചിത തസ്തികകളിലിരിക്കേണ്ട, അർഹതയും യോഗ്യതയുമുള്ള സ്ത്രീകളുണ്ട്. അവരുടെ അവകാശം നിഷേധിച്ചിട്ടാണ്, അവരുടെ സ്ഥാനത്ത് സ്വയം നാണിക്കാനറിയാത്ത പുരുഷപുംഗവൻമാരെ നിയമിച്ചു വിടുന്നത്. എൻ. എസ്. എസ്. കോളേജുകളിൽ ദീർഘകാലത്തെ സർവ്വീസുള്ള ഒരധ്യാപകൻ ഒരു പഞ്ചായത്തു പ്രസിഡൻറാണ്. നിയമം അത്തരം സ്ഥാനങ്ങൾ വരിക്കാൻ അനുമതി അധ്യാപകർക്ക് നൽകുന്നുണ്ട്. അത്തരം സ്ഥാനങ്ങൾ വഹിക്കുന്നവരെ അവർക്ക് നിർബ്ബാധം സേവനരംഗത്തു പ്രവർത്തിക്കാൻ സഹായകരമായ വിധത്തിൽ നിയമിക്കണമെന്നും നിയമമുണ്ട്. നമ്മുടേതു ഒരു ജനാധിപത്യസംവിധാനമാണല്ലോ. എന്നാൽ ദേശീയജനാധിപത്യകക്ഷിയുടെ (N. D. P.) പ്രസിഡൻറ് കൈകാര്യകർത്തൃത്വം വഹിക്കുന്ന എൻ. എസ്. എസ്. മാനേജുമെൻറ് നമ്മുടെ പഞ്ചായത്തു പ്രസിഡൻറിനെ അദ്ദേഹമിരുന്ന തൻെറ പഞ്ചായത്തിന് അടുത്ത ചേർത്തല കോളേജിൽ നിന്ന് നെൻമാറയ്ക്കും, അവിടന്ന് മട്ടന്നൂർക്കും, അവിടന്ന് ഒററപ്പാലത്തേക്കും, പിന്നെ നിലമേലേയ്ക്കും തുടരെ മാററിയത് കഴിഞ്ഞരണ്ടുകൊല്ലത്തിനിടയ്ക്കാണ്.

എൻ.എസ്.എസ്. കോളേജിലെ അധ്യാപകർ എ. കെ. പി. സി. ടി. എ. യിൽ അംഗമാകുന്നത് മാനേജുമെൻറിന് സഹിക്കുന്നില്ല. എൻ. എസ്. എസ്. സ്വന്തം മടിയിൽ വച്ചു പോററുന്ന ഒരു സംഘടനയുണ്ട്. അതിൽ അംഗമാകണമെന്നാണ് മാനേജുമെൻറ് ആവശ്യപ്പെടുന്നത്. എൻ. എസ്. എസ് ഉത്ഭവിച്ചു വളർന്ന പണ്ടത്തെ തിരുവിതാംകൂറിൽ സി. പി. രാമസ്വാമി അയ്യർ ദിവാനെന്ന നിലയ്ക്ക് സ്വന്തം കുറുവടി സംഘടനയുണ്ടാക്കി ദേശീയ പ്രസ്ഥാനത്തെ തച്ചുതകർക്കുവാൻ ശ്രമിക്കുകയുണ്ടായി. ആ പാരമ്പര്യത്തിലാണ് ഇപ്പോൾ എൻ. എസ്. എസ്. മാനേജുമെൻറുമുന്നേറുന്നത്. മാനേജരുണ്ടാക്കിയിട്ടുള്ള ജീവനക്കാരുടെ സംഘടനയുടെ പേരിലുമുണ്ട് ജനാധിപത്യം. സി. പി യുടെ ജനാധിപത്യമാവും അതിലെ ജനാധിപത്യം. കരമന കോളേജിലെ സ്ത്രീകൾ ചെയ്യേണ്ട ജോലി നിയമവിരുദ്ധമായി നൽകിയിട്ടുള്ളത് അതിൻെറ പ്രസിഡൻറ് പുരുഷനാണ്. പോരേപൂരം! ജനാധിപത്യം—എൻ. എസ്. എസ്. മോഡൽ വിജയിപ്പൂതാക!

ട്രാൻസ്ഫർക്കാര്യത്തിൽ ഇന്ന ആളെ ഇന്നേടത്തു നിയമിക്കണമെന്നൊന്നും ഞങ്ങൾക്ക് വാശിയില്ല. സർവ്വീസിൽ ചേർന്നപ്പോൾ മുതൽക്ക് എല്ലാവക അസൗകര്യങ്ങളും സഹിച്ച് 15 ഉം 16 ഉം കൂടുതലും കൊല്ലം ജൻമദേശത്തു നിന്ന് ഏറെ ദൂരെ പല പല കോളേജുകളിൽ മാറി മാറി ജോലിചെയ്യാൻ വിധിക്കപ്പെട്ടവർക്ക്, അവർ ചോദിച്ചാൽ, അവർക്ക് അല്പ സ്വല്പം സൗകര്യപ്പെട്ട സ്ഥലത്ത് നിയമനം കൊടുത്തുകൂടയോ എന്നാണ് ഞങ്ങളുടെ ചോദ്യം. അസൗകര്യമുള്ളത് എല്ലാവരും തുല്യമായി അനുഭവിക്കേണ്ടതല്ലേ ? അതുപോലെ തന്നെ, ഭാര്യയും ഭർത്താവും ഒരേ സർവ്വീസിലിരിക്കേ, കഴിവുള്ളേടത്തോളം അവർക്ക് ഒരു കുടുംബം കൊണ്ടുനടക്കാനുള്ള സൗകര്യം കൊടുക്കേണ്ടതല്ലേ? രോഗികളോട് ഇത്തിരിയൊക്കെ ദാക്ഷിണ്യം വേണ്ടതല്ലേ ? സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അതിന് സാവകാശം സൗകര്യം കൊടുക്കേണ്ടതല്ലേ? പിന്നെ, സ്വന്തം സംഘടനയുണ്ടാക്കി, മാനേജുമെൻറ്, അന്യസംഘടനയിൽപ്പെട്ടവരെയെല്ലാം ബന്ധിപ്പിക്കുന്നത് ശരിയോ? തങ്ങളുടെ സംഘടനയുടെ നയപരിപാടികളുടെ മേൻമകൊണ്ടുവേണ്ടേ അധ്യാപകർ ആകർഷിക്കപ്പെടാൻ ? കരമന വനിതാകോളേജിൽ നിയമനം നൽകി സംഘടന വളർത്താനാവുമോ ? യൂറോപ്പിൽ പണ്ട് മത പീഡനം നടമാടിയിരുന്നു. തങ്ങളുടെ മാർഗ്ഗത്തിൽച്ചേരാത്തവരെ ചെമ്പുകിടാരത്തിൽ വറുക്കുകയായിരുന്നു അതിൻെറ ഒരു മുറ. അതിപ്പോൾ ഇവിടെ നടപ്പാക്കാൻ എൻ. എസ്. എസ്. മാനേജുമെൻറിനാവില്ല. ഇതു മാറിയ ഒരു ലോകമാണല്ലോ. ഇന്നത്തെ നിലക്ക് തങ്ങൾക്കാവുന്ന ഏററവും ക്രൂരമായ പീഡനതന്ത്രങ്ങൾ എൻ. എസ്. എസ്. കോളേജ് മാനേജ്മെൻറ് പയററുന്നു ! എന്ത് നിഷ്കണ്ടകത്വം! ജീവിതം തുലക്കുക ; കുടുംബം തകർക്കുക. മനുഷ്യൻെറ ആത്മഗൗരവം നശിപ്പിക്കുക. കുത്തിയാലും ചവിട്ടിയാലും മിണ്ടാട്ടമില്ലാത്ത മമ്മികളെമാത്രമേ എൻ. എസ്. എസിൽ വേണ്ടതുള്ളൂ എന്നാണോ മാനേജുമെൻറ് നിശ്ചയിച്ചിട്ടുള്ളത്? എല്ലാവരെയും മമ്മിയാക്കുക എന്നതോ നയം?

ഗവൺമെൻറിന് ഇതിൽ എന്തുപറയാനുണ്ട്? ബഹു: മന്ത്രി ശ്രീ ടി. എം. ജേക്കബ്, അധ്യാപക സംഘടനാ പ്രതിനിധികളോട് ദൃഢമായി പറഞ്ഞതാണ് ട്രാൻസ്ഫറിൽ നീതി പുലരുമെന്ന്. നീതികേടുണ്ടെങ്കിൽ ഗവൺമെൻറ് ഇടപെടുമെന്നും പറഞ്ഞു. NSS ൽ ഇക്കൊല്ലം (ആദ്യത്തെപട്ടിക) 115 ട്രാൻസ്ഫറുകളാണുണ്ടായത് ട്രാൻസ്ഫറിന് അപേക്ഷിച്ചവരാരൊക്കെ? ട്രാൻസ്ഫർ നൽകിയത് ആർക്കൊക്കെ? ട്രാൻസ്ഫർ കൊണ്ട് ദുരിതമുണ്ടായത് ആർക്കൊക്കെ ? ട്രാൻസ്ഫർ അപേക്ഷ നിരാകരിക്കപ്പെട്ടത് ആരുടെയൊക്കെ? ഇതിനെപ്പററിയെല്ലാം കൂലങ്കഷമായ ഒരന്വേഷണം ഗവൺമെൻറ് നടത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. ഗവൺമെൻറിനെയും മന്ത്രിയെയും കോമാളിയാക്കുകയാണ് എൻ. എസ്. എസ്. മാനേജുമെൻറ് ചെയ്യുന്നത്. ഇതിന് പ്രതിവിധി ചെയ്യേണ്ടത് ഗവൺമെൻറിൻെറയും ബഹു. മന്ത്രിയുടെയും ബഹുമാന്യതയെ മുൻനിർത്തിപ്പറഞ്ഞാൽ അനുപേക്ഷണീയമാണ്. നീതിയും നിയമവും എൻ. എസ്. എസിൽ പുലരാൻ വേണ്ടിയുള്ള പോരാട്ടത്തിൽ എ കെ പി. സി. ടി. എ. മുന്നണിയിലുണ്ടാവുമെന്ന് പ്രഖ്യാപിക്കാൻ ഞങ്ങൾ ഈ അവസരം ഉപയോഗിക്കുന്നു.

## ന്യൂനപക്ഷാവകാശങ്ങൾ

വിദ്യാഭ്യാസത്തിലെ ന്യൂനപക്ഷാവകാശങ്ങൾ ആത്യന്തികമാണെന്നാണല്ലോ വെപ്പ്. എന്നാൽ ഇപ്പോൾ അതിനെപ്പററി ഒരുവീണ്ടാലോചന ഉണ്ടായിരിക്കുന്നു. മദിരാശിയിലെ എസ്. ഐ. ഇ. ടി. കോളേജ് ഒരു ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമാണ്. അവർക്ക് കുറെ അധ്യാപകരെ പിരിച്ചുവിടണം. ഗവൺമെൻറിനോട് ആ സ്ഥാപനത്തിൻെറ നടത്തിപ്പുകാർനിർദ്ദേശിക്കുന്നത് തങ്ങൾക്ക് വേണ്ടാത്തവരെ ഗവർമ്മേൻറിലേയ്ക്ക് എടുത്തുകൊള്ളാനാണ്. ഇതിനെത്തുടർന്ന്, എസ്. ഐ. ഇ. ടി കോളേജ് ഒരു ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനമാണോ എന്നതിനെപ്പററി തമിഴ്നാട് വിദ്യാഭ്യാസ മന്ത്രി ഒരു സന്ദേഹം പ്രകടിപ്പിച്ചു. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയ്ക്കുള്ള പ്രത്യേകാവകാശങ്ങൾ അനുവദനീയമാകാൻ ഒരു സ്ഥാപനത്തിൽ അമ്പതുശതമാനം വിദ്യാർത്ഥികളും അധ്യാപകരും

ന്യൂനപക്ഷ സമുദായക്കാരായിരിക്കേണ്ടതില്ലേ എന്നായിരുന്നു മന്ത്രിയുടെ ചോദ്യം. അതാണുകാര്യമെങ്കിൽ, തങ്ങളുടെ സ്ഥാപനത്തിൽ വിദ്യാർത്ഥികളും അധ്യാപകരും നൂറുശതമാനവും ന്യൂനപക്ഷ സമുദായക്കാർ തന്നെ ആയിരിക്കുമെന്നുറപ്പാക്കുന്നകാര്യം തങ്ങളേററുഎന്നായി എസ്. ഐ ഇ. ടി അധികൃതൻമാർ.

മദിരാശിയിലെ പ്രശ്നത്തിൽ പിന്നീടെന്തുണ്ടായി എന്നറിയില്ല. മെയ് അവസാനിക്കുന്നതിനുമുമ്പ് 52 അധ്യാപകരെ കയ്യേററുകൊള്ളണമെന്നാണ് എസ്.ഐ.ഇ ടി. ആവശ്യപ്പെട്ടിരുന്നത്. ഇതും ബന്ധപ്പെട്ടകാര്യങ്ങളും സംബന്ധിച്ച് ഹിന്ദു പത്രത്തിൽ വന്ന ഒരു റിപ്പോർട്ട് അന്യത്ര ചേർത്തിട്ടുണ്ട്. ഏതെങ്കിലും ഒരു ന്യൂനപക്ഷ സമുദായക്കാരൻ ഉടമസ്ഥത വിലയ്ക്കു വാങ്ങിയാൽ മതി, ആമിനിഷം കൊണ്ട് ആ വിദ്യാഭ്യാസ സ്ഥാപനം ന്യൂനപക്ഷ പ്രത്യേകാവകാശങ്ങൾക്ക് അർഹത നേടി എന്നാണല്ലോ പൊതുധാരണ. സുപ്രിം കോടതി ഇപ്പോൾ ഈ ധാരണ തിരുത്തിയിരിക്കുന്നു. അങ്ങനെ ആത്യന്തികമായ അധികാരാവകാശങ്ങളൊന്നും പൊതു ഫണ്ടു സ്വീകരിക്കുന്നയാതൊരു വിദ്യാഭ്യാസസ്ഥാപനത്തിനും നിയമം നൽകുന്നില്ലെന്നാണ് സുപ്രീം കോടതിയുടെ പുതിയ വിധി. ആംസെയിൻറ്സ് ഹൈസ്കൂളും ആന്ധ്രാപ്രദേശ് ഗവർമ്മേണ്ടും തമ്മിലുള്ള ഒരു കേസ്സിലാണ് ഈ വിധിയുണ്ടായത്. ഭാഷയുടെയും മതത്തിൻെറയും പേരിൽ സ്റേറററ് വിവേചനം കാട്ടിക്കൂട എന്നേ ഉള്ളൂ; അതിനപ്പുറം പൊതുഫണ്ടിൽ നിന്ന് ലഭിക്കുന്ന പണം ഉപയോഗിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ പൊതു ഫണ്ടിൽ നിന്ന് ഗ്രാൻറ് ലഭിക്കുന്നതിൻെറ ഭാഗമായി നിർദ്ദേശിക്കപ്പെടുന്ന നിയമങ്ങളും വ്യവസ്ഥകളും പാലിക്കാൻ ബാധ്യസ്ഥങ്ങളാണ്.

മേൽസൂചിപ്പിച്ച സുപ്രീംകോടതിവിധിയെ മുൻനിർത്തി ചിന്തിക്കുമ്പോൾ ഞങ്ങൾക്ക് തോന്നുന്നത്, ശ്രീമാൻ മുണ്ടശ്ശേരി ഉണ്ടാക്കിയ കേരള വിദ്യാഭ്യാസ നിയമത്തിനെതിരായി ഇദംപ്രഥമമായും, തുടർന്ന് പല കേസുകളിലായും ന്യൂനപക്ഷാവകാശത്തിൻെറ പേരിൽ ഉണ്ടായ കോടതിവിധികളിലൂടെ കെട്ടിപ്പൊക്കിയ ന്യൂനപക്ഷാവകാശത്തിൻെറ ദുർഭേദ്യ ദുർഗ്ഗത്തിൽ വിള്ളലുകൾ ഉണ്ടായിക്കഴിഞ്ഞു എന്നാണ്. കോടതിവിധിമൂലം ഉണ്ടായത് കോടതി വിധം മൂലം തന്നെ വേണമല്ലോ ഇല്ലാതാവാനും. നമുക്ക് ഇന്ന് എന്തൊക്കെ നിയമദത്തമായ അവകാശങ്ങൾ ഉണ്ടെങ്കിലും, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അതൊന്നും ഏശില്ലെന്നാണല്ലോ നില. ന്യൂനപക്ഷത്തിന് പററാത്തത്, തുല്യനീതിതത്വമനുസരിച്ച് ഭൂരിപക്ഷത്തിനുംവേണ്ട എന്ന ന്യായത്തിൻമേൽ നമ്മെ സംബന്ധിച്ച് അരക്ഷിതത്വം സാർവ്വത്രികവുമാണ്. അതിന്നറുതിയുണ്ടാവുമോ? ഹിന്ദു റിപ്പോർട്ടിലെ കാര്യങ്ങൾ എല്ലാ അധ്യാപകരുടേയും ശ്രദ്ധയ്ക്ക് വിഷയീഭവിക്കേണ്ടതാണ്.

□

---

## വാർത്തകൾ

---

### പാർലമെൻറ് മാർച്ച്

കുപ്രസിദ്ധമായ ഹോസ്പിററൽ ബില്ലിനെതിരേ ഇരുപതിനായിരത്തിൽപ്പരംസ്കൂൾ കോളേജ്-സർവ്വകലാശാല അധ്യാപകർ പങ്കെടുത്ത പാർലമെൻറ് മാർച്ച് ഏപ്രിൽ 19 ന് നടന്നു. ജനാധിപത്യാവകാശങ്ങൾ നിഷേധിയ്ക്കുന്ന ഈ കരിനിയമത്തിനെതിരേ ഇന്ത്യയിലെമ്പാടുമുള്ള ജീവനക്കാരുടെ പ്രതിഷേധമാണ് പാർലമെൻറ് മാർച്ചിലൂടെ പ്രകടമായത്.

### എൻ. ജി. ഒ. യൂണിയൻ സമ്മേളനം

കേരളാ എൻ. ജി. ഒ. യൂണിയൻെറ 20-ാം സംസ്ഥാന സമ്മേളനം മെയ് 14, 15, 16 തീയതികളിൽ എറണാകുളത്തു നടന്നു. ഇടക്കാലാശ്വാസം അനുവദിക്കുക, ശമ്പളകമ്മീഷൻെറ ഘടനയിൽ മാററം വരുത്തുക, കരിനിയമങ്ങൾ പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾമുൻനിർത്തി പണിമുടക്കാൻ സമ്മേളനം തീരുമാനിച്ചു. □

## കൊല്ലം കൺവൻഷൻ - ഒരു റിപ്പോർട്ട്:

# അധ്യാപകർ എ.കെ.പി.സി.ടി.എ. യുടെ കൊടിക്കീഴിൽ

എം. കരുണാകരൻ

### വമ്പിച്ച പ്രകടനം
### വിവിധസമ്മേളനങ്ങൾ
### ജേർണൽ സ്പെഷ്യൽ പ്രകാശനം

പ്രൈവററ് കോളേജ് അധ്യാപകരുടെ സംഘടിത പ്രസ്ഥാനമായ എ. കെ. പി. സി. ടി. എ. ഇരുപത്തിയഞ്ച് വർഷത്തെ കരുത്തുററ പ്രവർത്തനകാലമാണ് പിന്നിട്ടിരിക്കുന്നത്. ക്രൂരൻമാരായ മാനേജരൻമാരും, അവകാശങ്ങൾ അംഗീകരിക്കാൻ മടിയ്ക്കുന്ന സർക്കാരുകളും നിറഞ്ഞുനിന്നിരുന്ന സാഹചര്യത്തോടു പൊരുതിമുന്നേറിയ ഈ സംഘടനയ്ക്ക് ഇനിയും ഭാരിച്ച ചുമതലകൾ നിറവേററാനുണ്ട്.

ഈ ചുമതലാബോധം നിറഞ്ഞുനിന്ന അന്തരീക്ഷത്തിലാണ് സംഘടനയുടെ12-ാം കൺവൻഷൻ ഫെ: 4, 5, 6, തീയതികളിൽ കൊല്ലത്തു നടന്നത്. ഒന്നാമത്തെ ദിവസം പ്രവർത്തകസമിതിയോഗം നടന്നു. കൺവൻഷനിൽ അവതരിപ്പിക്കേണ്ട അവകാശപത്രികയുടെ കരട് പ്രവർത്തകസമിതി ചർച്ച ചെയ്ത് അംഗീകരിച്ചു.

കൊല്ലം ടൗൺഹാൾ അങ്കണത്തിൽ അസോസിയേഷൻ പ്രസിഡൻറ് പ്രൊഫ. എം. ആർ. ചന്ദ്രശേഖരൻ പതാകയുയർത്തിയതോടെയാണ് രണ്ടാം ദിവസത്തെ പരിപാടികൾ ആരംഭിച്ചത്. തുടർന്ന് സംസ്ഥാനസമിതി യോഗം നടന്നു. ജനറൽ സെക്രട്ടറി പ്രൊഫ. എൻ.എം. ജോസഫ് അവകാശപത്രികയുടെ കരട് ചർച്ചയ്ക്കായി അവതരിപ്പിച്ചു. സജീവമായ ചർച്ചയാണ് തുടർന്നു നടന്നത്. ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ആചർച്ചയിൻ നിന്നും ഉരുത്തിരിഞ്ഞുവന്നു.

''ഉന്നതവിദ്യാഭ്യാസം: വാഗ്ദാനവും നിർവഹണവും''–ഇതായിരുന്നു അന്നു വൈകിട്ടു നടന്നവിദ്യാഭ്യാസസമ്മേളനത്തിൻെറവിഷയം കേരളാ യൂണിവേഴ്സിററി പ്രോ–വൈസ് ചാൻസിലർ ഡോ. എൻ. എ. കരീം സമ്മേളനം ഉത്ഘാടനം ചെയ്തു. ശ്രീ എൻ. വി. കൃഷ്ണവാര്യർ, ശ്രീ തായാട്ട് ശങ്കരൻ, പ്രൊഫ. എസ്. ശിവപ്രസാദ്, പ്രൊഫ. രാമവർമ്മ, പ്രൊഫ. ബലറാം മൂസത് എന്നിവർ പ്രസംഗിച്ചു. ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ തുടങ്ങി ആട്ടോണമസ് കോളേജുകളിലെത്തിനിൽക്കുന്ന ഒരു തരം സമാന്തര വിദ്യാഭ്യാസം വളർന്നു വന്നിരിക്കുന്ന പ്രശ്നം പ്രാസംഗികരിൽ പലരും ചൂണ്ടിക്കാണിച്ചു.

## പ്രകടനം

കേരളത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നെത്തിയ ആയിരക്കണക്കിന് അധ്യാപകർ അണിനിരന്ന പ്രകടനമാണ് മൂന്നാംദിവസം രാവിലെ നടന്നത്. എ. കെ. പി. സി. ടി. എ. യുടെ കരുത്തിൽ അഭിമാനംകൊള്ളുന്ന അധ്യാപകർ ആവേശകരമായ മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ട് പ്രകടനത്തിൽ പങ്കുകൊണ്ടു. 12-ാം കൺവൻഷന്റെ സൂചന എന്ന വണ്ണം 12 കൂററൻ കൊടികൾ ഏന്തി എം. ആർ. ചന്ദ്രശേഖരൻ, എൻ. എം. ജോസഫ്, ആർ. ആർ. സി. നായർ, വി. നാരായണൻകുട്ടി, കെ. സി. ചാക്കോ, ഐ. ജി. ഭാസ്കരപ്പണിക്കർ, എൻ. ഭാർഗവൻ, ജി. മാധവൻനായർ, ടി. ഗോപാലകൃഷ്ണൻ, പി. രവീന്ദ്രനാഥ്, തുടങ്ങിയവർ പ്രകടനത്തിന് നേതൃത്വം നൽകി. അവകാശങ്ങൾ അംഗീകരിച്ചില്ലങ്കിൽ പണിമുടക്കിലേയ്ക്ക് നീങ്ങുമെന്ന മുന്നറിയിപ്പ് അധ്യാപകർ മുഴക്കിയ മുദ്രാവാക്യങ്ങളിലുണ്ടായിരുന്നു. ത്യാഗസന്നദ്ധരായഅധ്യാപകരുടെ ആത്മവീര്യവും അചഞ്ചലമായ ആവേശവും ഉരുക്കുപോലുറച്ച ഐക്യവും ശക്തിയും വിളിച്ചോതുന്നതായിരുന്നുപ്രകടനം. റയിൽവേ സ്റ്റേഷൻ മൈതാനിയിൽ നിന്നും ആരംഭിച്ച പ്രകടനം പട്ടണം ചുററി 11½ മണിയോടെ ടൗൺഹാളിൽ എത്തി.

## പ്രതിനിധി സമ്മേളനം

തുടർന്ന് പ്രൊഫ. എം. ആർ. സി. യുടെ അധ്യക്ഷതയിൽ പ്രതിനിധി സമ്മേളനം ആരംഭിച്ചു. ആവേശകരവും ശ്രദ്ധേയവുമായ അധ്യക്ഷപ്രസംഗത്തിൽ പ്രൊഫ. എം. ആർ സി. 12-ാം കൺവൻഷൻ ഒരു സമരകൺവഷനാണെന്നും, അവകാശങ്ങൾക്കുള്ള പോരാട്ടത്തിന്റെ ഒരു പ്രധാനഘട്ടമാണിതെന്നും വിശദമാക്കി. ജനറൽ സെക്രട്ടറി അവതരിപ്പിച്ച അവകാശപത്രികയുടെ ചർച്ചയിൽ പ്രതിനിധികൾ സജീവമായി പങ്കെടുത്തു. നിരവധി പോരാട്ടങ്ങളിലൂടെ നേടിയെടുത്ത അവകാശങ്ങളിൽ പലതും ചോർന്നു പോകുന്ന സാഹചര്യം അംഗങ്ങൾ സൂചിപ്പിച്ചു. കൂടുതൽ ഐക്യവും ശക്തിയും വളർത്തിയെടുക്കണമെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. അധ്യാപകരുടെ ആവശ്യങ്ങളേയും മററുപൊതുതാല്പര്യങ്ങളേയും ആസ്പദമാക്കി അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങൾ സമ്മേളനം പാസ്സാക്കി.

## പൊതുസമ്മേളനം, സ്പെഷ്യൽ പ്രകാശനം

മൂന്നാം ദിവസം വൈകുന്നേരം ചേർന്ന പൊതുസമ്മേളനം കെ. പി. ടി. യു. നേതാവ് ശ്രീ. വി. കെ. ഗോപിനാഥ് ഉത്ഘാടനം ചെയ്തു. സർവ്വശ്രീ. പി. കെ. രാജൻ, കെ. സി. ചാക്കോ, ആർ. ആർ. സി. നായർ, എന്നിവർ യോജിച്ച അധ്യാപക പ്രസ്ഥാനം വളർന്നുവരേണ്ടതിന്റെ പ്രാധാന്യം വിശദമാക്കിക്കൊണ്ട് പ്രസംഗിച്ചു.

പൊതു സമ്മേളനത്തിൽ നടന്ന വളരെ ശ്രദ്ധേയമായ മറെറാരു ചടങ്ങ് കേരള പ്രൈവററ് കോളേജ് ടീച്ചറിന്റെ കൺവൻഷൻ സ്പെഷ്യൽ പ്രകാശനമായിരുന്നു. സംഘടനയുടെ സ്ഥാപകനേതാക്കൻമാരിൽ പ്രമുഖനായിരുന്ന പ്രൊഫ. വി. ആർ. സുബ്രഹ്മണ്യത്തിന്റെ ബഹുവർണ്ണ മുഖച്ചിത്രത്തോടുകൂടിയ സ്പെഷ്യലിന്റെ ഒരു പ്രതി ശ്രീ. വി. കെ. ഗോപിനാഥ്, പ്രൊഫ. ഐ. ജി. ബി. ക്കു നല്കിക്കൊണ്ടാണ് പ്രകാശനം നിർവ്വഹിച്ചത്. യോഗം 7 മണിക്ക് സമാപിച്ചു.

ആവേശകരമായ മുദ്രാവാക്യങ്ങൾക്കിടയിൽ എ കെ പി. സി. ടി. എ. പതാകപ്രസിഡൻറ് എം. ആർ. സി. താഴ്ത്തിയതോടെ പന്ത്രണ്ടാം കൺവൻഷന് തിരശ്ശീല വീണു.

കൺവൻഷന്റെ വിജയത്തിനായി എത്രയോ അധ്യാപകർ രാപകലില്ലാതെ പരിശ്രമിച്ചു. കൺവൻഷന്റെ പ്രചാരണത്തിൽ, പ്രതിനിധികളുടെ താമസസൗകര്യത്തിൽ, അവർക്ക് ഭക്ഷണമൊരുക്കുന്നതിൽ എല്ലാം യാതൊരു കുറവും വരാതെ നോക്കാൻ കൺവീനർ ഡോ. സുന്ദരേശന്റെ നേതൃത്വത്തിൽ പ്രവർത്തകർ ശ്രദ്ധിച്ചു.

കൊല്ലം കൺവൻഷൻ സംഘടനയുടെ ചരിത്രത്തിൽ എന്നെന്നും ഓർക്കുന്നതാക്കി മാററിയതിന് എല്ലാവരും അഭിനന്ദനം അർഹിയ്ക്കുന്നു. □

# എ.കെ. പി. സി. ടി. എ. ഭാരവാഹികൾ 1982-83

| | | |
|---|---|---|
| എം. ആർ. ചന്ദ്രശേഖരൻ | : | പ്രസിഡൻറ് |
| എൻ. എം. ജോസഫ് | : | ജനറൽ സെക്രട്ടറി |
| ജോസഫ് പുത്തൻപുര | : | വൈസ് പ്രസിഡൻറുമാർ |
| തോളൂർ ശശിധരൻ | : | |
| ടി. വി. ജയിംസ് | : | സെക്രട്ടറിമാർ |
| ആർ. ശശിധരൻ | | |
| എം. കെ. ചിണ്ടൻകുട്ടി | : | ട്രഷറർ |

ജില്ലാസെക്രട്ടറിമാർ

| | | |
|---|---|---|
| എൻ. ജി. വർഗീസ് | : | തിരുവനന്തപുരം |
| ജെ. ജോൺസൺ | : | കൊല്ലം |
| കെ. സദാശിവൻ നായർ | : | ആലപ്പുഴ |
| ടി. സി. ഇമ്മാനുവൽ | : | കോട്ടയം, ഇടുക്കി |
| പി. ജെ. മാത്യു | : | എറണാകുളം |
| കുഞ്ഞുണ്ണി | : | തൃശൂർ |
| ടി. കെ. ജി. നായർ | : | പാലക്കാട് |
| മായൂ | : | മലപ്പുറം |
| കെ. കെ. ഭാസ്കരൻ | : | കോഴിക്കോട് |
| ഇ. ദാമോദരൻ | : | കണ്ണൂർ |

At the end of this summer, about 52 teachers, declared 'surplus' by the SIET college management, may lose their jobs in the college if the Tamil Nadu educational authorities do not respond to a management-sent notice asking them to re-deploy these people in Government departments. If no response is received to the notice from the Government by the end of this month, management spokesmen say, 'unwanted teachers will be retrenched'.

The SIET management's notice to the State educational authorities says: 'These surplus staff are asked to be retained on the rolls' of the College 'because of the Government's Job Security scheme devised without the consent and concurrence of the minority colleges.

'It concludes that the Government has no authority to force the management to retain the surplus staff on its rolls, though they are not paid in full by the management'.

The notice seems implicity to invoke the right of exemption of minority colleges from external scrutiny of its procedures of dismissal of teachers under the Tamil Nadu Private Colleges Regulation Act of 1976. As things stand, teachers in minority institutions can neither appeal against the termination of their appointments nor against their pay and other service conditions being altered or interpreted to their disadvantage.

This escape clause available to the management of minority educational institutions has assumed significance in the SIET context and has fuelled sharp controversy over the definition of a minoirty institution and the extent of its exclusion from external regulation. Teachers fear this clause can and is being used against them.

Recently, the Tamil Nadu Education Minister, Mr. C. Aranganayagam questioned the appropriateness of an institution invocking minority privilege without its having a significant presence of students and staff from that community. He suggested that in order to qualify for minority status an institution ought to have at least 50 per cent of its students and staff from its own minority community

# Teachers of a
# trapped und

### Most explicit reaction

The most explicit reaction to this suggestion came from the SIET which, in a press release, held that if this was to be the accepted definition of minority status,then the college would make itself a "cent per cent minority institution." It hinted that it would admit-only Muslim students and go on to consider the further islamisation of its staff at a later stage,when the question of re-deployment had been settled.

The Education Minister, while welcoming the "cent per cent minority idea, points out that the issue is one of ensuring full student strength and maintaining the curr-

ent number of seats in the College so that reduction of numbers would not be used to render the teachers surplus. An executive committe member of the Association of University Teachers says that the teachers in SIET have no objection to the cent per cent minority student admission idea so long as the college maintained admissions of students at "full strength".

Mr. Bashir Ahmed Sayeed, SIET's founder avers that no decision has yet been taken on this issue. He claims that the management's statement was made to "expose

## ...rity Institution
## ...cape clause

the absurdlity of the Minister's postion." He reiterates that if the 50 percent minority student and staff definition is to become accepted, he will make his institution "a cent per cent" one.

In a pamphlet SIETs founder sets out his definition of a minority institution and its rights. He says, "the minority institution need not have a majority of its students or staff belonging to the minority based on religion or language, to be considered a minority Institution -- what is required under the Constitution is only that the minority should establish and administer the institution of its choice and preference.

Principals of other minority Institutions also argue that the definition of a minority institution in Article 30 of the Constitution and in the TamilNadu Private Colleges Act is one established and administered by a minority community whether based on religion or language. Taking issue with the linking of the concept of minority institutions with student and staff numbers. Father Casimir Raja, Principal, Loyola College points out that institutions such as his receive grants from the Govenment which are 'secular in nature' and therefore cannote exclusively serve the minority community.

One principal of a minority institution observes that the overhead educational expenditure of an institution is prohibitive to the idea of cutting down the number of available seats and restricting admissions to students from that particular community.

But others argue that control of an institution by a minority community cannot imply a minority character. "If the correspondent or the principal of the institution happens to be of one minority community, argues the Education Minister, "does the entireinstitution qualify for minority status?

In a recent judgement, the Andhra Pradesh High Court dismissed a petitioner's contention that his Institution was a minority one, on the grounds that since the institution imparted secular education and the majority of its students did not belong to that particular minority community the institution was "not a minority institution but an ',institution belonging to an individual who happens to belong to a minority community".

The High Court's ruling maintained that it would have to be shown that such educational' institutions benefited the

minority concerned or a consideratesection thereof" It concluded that otherwise there would be no nexus between the institution and the minority as such."

The definition of a minority institution and its rights has been crucial to the welfare of the teachers of SIET who are sharply contesting the issue of 'surplus' teacher redeployment; they fear that in a minority institution, external jurisdication of matters relating to teachers service conditions and dismissal is made impossible.

In his pamphlet, Mr. Bashir Ahmed makes clear his stand on this question. He says: 'the right to appoint teachers for the purposes of the college involves the absolute right of the appointing authority to take disciplinery proceedings against the employees...no power *Central or State can interfere with such rights of the Muslim minority management.*' In the same pamphlet, he goes on to argue that his management 'is also under no obligation to the so-called 'public' or 'society' to do things against its own interests.'

## Supreme Court ruling

But the Supreme Court has recently ruled that educational institutions affiliated to universities and receiving grants from the State are subject to university norms and Government regulations. In its judgment on the All Saints High School vs the Government of Andhra Pradesh case, the Court decreed that: 'in the case of institution receiving State aid, it is the duty and the obligation of the Government which grants aid to see that public funds are usefully and properly expended'. The Court did nor exempt minority institution receiving State aid from the ruling.

Minority institution, It held, could not complain of conditions 'subject to which the aid is granted, so long as such conditions do not amount to discrimination against them on the grounds of language and religion'.

In Tamil Nadu, Education Department statistics show that there are 154 private aided colleges of which 51 have been declared minority. Out of 25 private colleges in Madras, employing 2000 teachers 15 which employ a total of 1,700 teachers are classifed as minority. SIET, like other minority aided colleges in Madras receives a State grantwhich ispartly used in the financing of teachers salaries.

The Supreme Court judgment in the All Saints High School case declares that if "the expenditure incurred for paying the emolument of the staff is subsided or financed from out of State funds it becomes the duty of the State to see that no one who does not possess the minimum qualifications is appointed on the staff, the pay and other emoluments of the staff are guaranteed and their service conditions secured."

*(Hindu, May 27, 1983)*

## ട്രസ്റ്റ്

വെൽഫെയർ ട്രസ്റ്റിന്റെ പ്രവർത്തനത്തിലും കൂടുതൽ ശ്രദ്ധിക്കണം. സംഘടനയുടെ അംഗങ്ങൾ ട്രസ്റ്റിലും അംഗങ്ങളാകണം.

ട്രസ്റ്റ് സംബന്ധമായ എല്ലാകാര്യങ്ങൾക്കും എഴുതുക.

മേൽവിലാസം

Prof- N. M. JOSEPH
GENERAL SECRETARY
AKPCTA
ST. THOMAS COLLEGE
PALAI

# എൻ. എസ്. എസ്. ട്രാൻസ്ഫർ ഗവൺമെൻറ് ഇടപെടണം

എം. ആർ. ചന്ദ്രശേഖരൻ, പ്രസിഡൻറ്, എ. കെ. പി. സി. ടി. എ.

പ്രൈവററ് കോർപ്പറേററ് മാനേജുമെൻറുകൾ കോളേജ് അധ്യാപകരെ ട്രാൻസ്ഫർ ചെയ്യുന്നത് തികച്ചും തത്വാധിഷ്ഠിതമായിട്ടായിരിക്കുമെന്നും, അതിന് വിപരീതമായി പ്രവർത്തിച്ചാൽ ഗവൺമെൻറ് അതിൽ ഇടപെടുന്നതായിരിക്കുമെന്നും, കഴിഞ്ഞ കൊല്ലം ബഹു: വിദ്യാഭ്യാസമന്ത്രി കോളേജ് അധ്യാപക സംഘടനാപ്രതിനിധികൾക്ക് ഉറപ്പുനൽകിയിട്ടുള്ളതാണ്. അത് സംബന്ധിച്ചതീരുമാനം ഗവൺമെൻറ് എഴുതി അറിയിക്കുകയും ചെയ്തു. എന്നാൽ യാതൊരു തത്വദീക്ഷയുമില്ലാതെയാണ് എൻ. എസ്. എസ്. കോളേജ് മാനേജുമെൻറ് ഈ വിദ്യാഭ്യാസ വർഷാരംഭത്തേൽ 115 ഓളം ട്രാൻസ്ഫർ നടത്തിയിട്ടുള്ളത്. അർഹതയുള്ളവർക്ക് ട്രാൻസ്ഫർകൊടുക്കാതെയും, അനർഹരെതാലോലിച്ചും, ദമ്പതിമാരെ ഒന്നിച്ചു ജോലിചെയ്യ കുടുംബംസംരക്ഷിക്കാൻ പററാത്തവിധത്തിൽ ഇണപിരിച്ചു ട്രാൻസ്ഫർ ചെയ്തും വളരെ ദ്രോഹങ്ങൾ മാനേജുമെൻറ് ചെയ്തിട്ടുണ്ട്. കഴിഞ്ഞ ചില കൊല്ലങ്ങളിൽ 4 ഉം 5 ഉം പ്രാവശ്യം ട്രാൻസ്ഫർചെയ്തവരെ വീണ്ടും ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. എ. കെ. പി. സി. ടി. എ. ഭാരവാഹികളെയും പ്രവർത്തകരേയും പകവച്ച് ശിക്ഷിപ്പിക്കുകയാണ് ഉണ്ടായിട്ടുള്ളത്. രോഗബാധിതരായി പ്രത്യേകമായ ചികിൽസാസൗകര്യങ്ങൾ ഉള്ള ടത്ത് നിയമിക്കണമെന്ന് ഡോക്ടമാർ നിർദ്ദേശിച്ചിട്ടുള്ളവരുടെ കാര്യത്തിൽ പോലും എൻ. എസ്. എസ്. ദാക്ഷിണ്യംകാണിച്ചിട്ടില്ല. പഞ്ചായത്തുപോലുള്ള സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാനം വഹിക്കുന്നവരെയും അവരുടെ ജോലിചെയ്യാൻ പററാത്ത വിധത്തിൽ ദൂരത്തേയ്ക്ക് മാററിയിരിക്കുന്നു.

ഇതൊക്കെ എണ്ണി പറയുവാൻ വളരെസ്ഥലവും സമയവും വേണം. ഗവൺമെൻറ് എൻ. എസ്. എസ്. ട്രാൻസ്ഫർ ലിസ്ററ് പരിശോധിച്ച് അനീതിക്ക് പരിഹാരമുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഗവൺമെൻറ് അധ്യാപകർക്ക് നൽകിയ ഉറപ്പുകൾ പാലിക്കണം. കോർപ്പറേററ് മാനേജുമെൻറുകളിലെ ട്രാൻസ്ഫറിന്, ഗവൺമെൻറിലുള്ളതുപോലെ നിഷ്കൃഷ്ടമായ വ്യവസ്ഥകൾ ഏർപ്പെടുത്തണം. കൈക്കൂലി തൊട്ടുള്ള അഴിമതികളും ദുർവൃത്തികളും വളരാനും പ്രചരിക്കാനും ട്രാൻസ്ഫറിലെ നിരങ്കുശ സ്വാതന്ത്ര്യം സഹായിക്കും. അങ്ങനെയുണ്ടായിട്ടുള്ളതിന് ചരിത്രത്തിൽ പല ദൃഷ്ടാന്തങ്ങളുമുണ്ട്. കേരളത്തിൽ കോർപ്പറേററ് മാനേജുമെൻറുകൾ എണ്ണം പെരുകി വരുകയാണ്. ആയിരക്കണക്കിന് അധ്യാപകർ ഓരോ മാനേജ്മെൻറിലുമുണ്ട്. തെക്ക് ധനവച്ചുപുരം മുതൽ വടക്ക് മട്ടന്നൂർ വരെ ഈ മാനേജ്മെൻറുകൾക്ക് ഇപ്പോൾ കോളേജുകളുമുണ്ട്. ഇത് ഒററപ്പെട്ട കാര്യമല്ലെന്നർത്ഥം. ഗവൺമെൻറ് ഇക്കാര്യത്തിൽ ഇടപെടുകയും കർശന നിയമ വ്യവസ്ഥകൾ കൊണ്ട് ട്രാൻസ്ഫർ നീതി നിഷ്ഠമായിരിക്കുമെന്ന് ഉറപ്പാക്കുകയും വേണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## മെമ്പർഷിപ്പ്

ബ്രാഞ്ചുകളിൽ മെമ്പർഷിപ്പു പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നുണ്ടാവുമല്ലോ. എത്രയും വേഗം ഈ പ്രവർത്തനം പൂർത്തിയാക്കണം. തുക ട്രഷററർക്ക് അയയ്ക്കുക.

മേൽവിലാസം

Prof. M. K. CHINDANKUTTY
Treasurer, AKPCTA
SIR SYED COLLEGE
THALIPPARAMBA
CANNANORE

# പ്രവർത്തക സമതി തീരുമാനങ്ങൾ

പ്രവർത്തകസമിതിയുടെ പ്രഥമയോഗം പ്രസിഡൻറ് ശ്രീ. എം. ആർ. ചന്ദ്രശേഖര ൻെറ അദ്ധ്യക്ഷതയിൽ 3–5.83ന് ചേർന്നു. താഴെപ്പറയുന്നവരെ പ്രവർത്തക സമിതിയി ലേയ്ക്ക് നോമിനേററുചെയ്തു. സർ വ്വശ്രീ. ആർ ആർ. സി. നായർ, ടി ഗോപാ ലകൃഷ്ണൻ, വി. നാരായണൻകുട്ടി, ഐ. ജി. ഭാസ്കരപണിക്കർ, കെ. സി. ചാക്കോ, ജി. മാധവൻനായർ.

ഒഴിവായികിടക്കുന്ന ആലപ്പുഴ ജില്ലാ പ്ര സിഡൻറ് സ്ഥാനത്തേയ്ക്ക് മാവേലിക്കര ബിഷപ്പ് മൂർ കോളേജിലെ പ്രൊഫ. എസ്. പരമേശ്വരപിള്ളയെ നോമിനേററുചെയ്തു.

പ്രവർത്തക സമിതി 1983–84 പ്രവർത്തന വർഷത്തേയ്ക്ക് താഴെപ്പറയുന്നവരെ ലെയി സൺ ഓഫീസർമാരായി നിശ്ചയിച്ചു.

ശ്രീ. കെ. കെ. ഭാസ്കരൻ

എസ്. എൻ. കോളേജ്, ചേളന്നൂർ

കോഴിക്കോട് ഡപ്യൂട്ടി ഡയറക്ടറാഫീസ്

ശ്രീ. ഐ ജി. ഭാസ്കരപണിക്കർ

ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

കോഴിക്കോട് സർവ്വകലാശാല

പ്രൊഫ. പി. ജെ. മാത്യു

സെൻറ് ആൽബർട്ട്സ്കോളേജ് എറണാ കുളം

ഡപ്യൂട്ടി ഡയറക്ടറാഫീസ് തൃപ്പൂണിത്തുറ

പ്രൊഫ. ജെ. ജോൺസൺ

സെൻറ് തോമസ് കോളേജ് കോഴഞ്ചേരി

ഡപ്യൂട്ടി ഡയറക്ടറാഫീസ് കൊല്ലം

പ്രൊഫ. കെ. ജി. പത്മനാഭൻ നായർ

എൻ.എസ്. എസ്. കോളേജ് ചേർത്തല

കേരളാ ഗവ: സെക്രട്ടറിയേററ് തിരുവനന്ത പുരം

പ്രൊഫ. ടി ഗോപാലകൃഷ്ണൻ

എസ്. എൻ. കോളേജ്, ചേർത്തല

കേരളസർവ്വകലാശാല

പ്രൊഫ. എൽ. ജി. വർഗീസ്

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഓഫീസ്

മേൽപറഞ്ഞ ഓഫീസുകളിലെ ആവശ്യ ങ്ങൾക്ക് അംഗങ്ങൾ ബന്ധപ്പെട്ട ലെയിസൺ ആഫീസർമാരുമായി ബന്ധപ്പെടണമെന്ന് താല്പര്യപ്പെടുന്നു.

ജർണലിൻെറ പുതിയ പത്രാധിപസമിതി താഴെപ്പറയുന്നവർ ഉൾപ്പെട്ടതാണ്.

സർവ്വശ്രീ. എം. ആർ. ചന്ദ്രശേഖരൻ (ചെ യർമാൻ) വി. എൻ. മുരളി (ചീഫ് എഡി ററർ) എൻ. എം. ജോസഫ്, പി.ജെ. മാത്യു, ആർ. ശശിധരൻ, തോളൂർ ശശിധരൻ, ടി. ഗോപാലകൃഷ്ണൻ, വി. നാരായണൻകുട്ടി.

സർവ്വകലാശാലാ സമിതികളിലെ അംഗങ്ങ ളുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് രണ്ട് സർവ്വകലാശാലകളിലും ഓരോ ഉപസ മിതികൾ രൂപീകരിക്കുകയുണ്ടായി. കേരള സർവ്വകലാശാലയിൽ ടി. ഗോപാലകൃഷ്ണൻ (കൺവീനർ), എൻ. എം. ജോസഫ്, എൽ. ജി. വർഗീസ്, പി. രവീന്ദ്രനാഥ് എന്നിവ രും കോഴിക്കോട് സർവ്വകലാശാലയിൽ വി. നാരായണൻകുട്ടി (കൺവീനർ), എം. ആർ. ചന്ദ്രശേഖരൻ, ആർ. ആർ. സി. നായർ, ഐ. ജി. ഭാസ്കരപണിക്കർ എന്നിവരുമാണ് ഉപ സമിതിയിലെ അംഗങ്ങൾ.

**പ്രൊഫ. എൻ. എം. ജോസഫ്**
ജനറൽ സെക്രട്ടറി

ക്ഷേമനിധി ബോർഡ്, എക്സ്ഒഫി ഷ്യോ അംഗങ്ങളായ പ്രസിഡൻറ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർക്കു പുറമേ വൈസ് പ്രസിഡൻറുമാരായ തോളൂർ ശശി ധരൻ, ജോസഫ് പുത്തൻപുര, സെക്രട്ടറി മാരായ ടി.വി. ജെയിംസ്, ആർ. ശശിധരൻ. ആർ. രാമചന്ദ്രൻനായർ, ടി. ഗോപാലകൃഷ്ണൻ എന്നിവരെ ഉൾപ്പെടുത്തി പുന:സംഘടി പ്പിച്ചു.

എ. കെ. പി. സി. ടി. എ. യിലെ എല്ലാ അംഗങ്ങളെയും ക്ഷേമനിധിയിൽ ചേർക്കുക എന്നത് ഈ വർഷത്തെ നമ്മുടെ പ്രധാന കടമകളിൽ ഒന്നായി കാണണമെന്ന് പ്രവർത്തക സമിതി അഭിപ്രായപ്പെട്ടു. ഒരു പ്രായോഗിക നടപടിയെന്നുള്ള നിലയിൽ ഉത്തരക്കടലാസ് പരിശോധനാകേന്ദ്രങ്ങളിൽ സംഘടനയുടെ പ്രധാന പ്രവർത്തകർ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും നമ്മുടെ അംഗങ്ങളായ പരിശോധകരെ ട്രസ്റ്റിൽ ചേരാൻ പ്രേരിപ്പിക്കണമെന്നും തീരുമാനിക്കുകയുണ്ടായി. പ്രവർത്തകസമിതി പ്രധാന പ്രവർത്തകരെ പരിശോധനാകേന്ദ്രങ്ങളിലേയ്ക്ക് നിർദ്ദേശിച്ചിട്ടുണ്ട്.

നമ്മുടെ ജേർണൽ മുടക്കം കൂടാതെ ഭംഗിയായി നടക്കുന്നുണ്ട്. എല്ലാ ബ്രാഞ്ചുകളും കുറഞ്ഞത് 20 കോപ്പികൾ വീതമെങ്കിലും വാങ്ങുകയും ഒരു വർഷത്തിൽ കുറഞ്ഞത് ഒരു പരസ്യമെങ്കിലും ശേഖരിച്ചുതരികയും ചെയ്താൽ കൂടുതൽ കാര്യക്ഷമമായി നമ്മുടെ ജർണൽ നടത്താൻ സാധിക്കും. ബ്രാഞ്ചു സെക്രട്ടറിമാർ ഈ കാര്യത്തിൽ ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

ഈ പ്രവർത്തന വർഷം മുതൽ വാർഷിക വരിസംഖ്യ 20 രൂപയായി വർദ്ധിപ്പിച്ചവിവരം കഴിഞ്ഞ സർക്കുലറിൽ പറഞ്ഞിരുന്നത് ഓർമ്മിക്കുമല്ലോ. കഴിഞ്ഞ വർഷം 672 അംഗങ്ങളെ പുതിയതായി ചേർക്കാൻ കഴിഞ്ഞു. ഈ വർഷം ഏറ്റവും കുറഞ്ഞത് 400 പേരെയെങ്കിലും പുതുതായി സംഘടനയിൽ ചേർക്കണമെന്നാണ് പ്രവർത്തകസമിതി തീരുമാനം.

സംഘടനയിലും ക്ഷേമനിധിയിലും പുതുതായി അംഗങ്ങളെ ചേർക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ബ്രാഞ്ചുസെക്രട്ടറിമാരോട് അഭ്യർത്ഥിക്കുന്നു.

കൊല്ലം കൺവൻഷനോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്പെഷ്യൽ പതിപ്പിന്റെ പരസ്യതുകകൾ പിരിച്ച് അടയ്ക്കാത്തവർ പ്രസ്തുത തുക ഇനിയും ഉപേക്ഷവിചാരിക്കാതെ പിരിച്ച് അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു.

ഡപ്യൂട്ടി ഡയറക്ടറാഫീസുകളിലെ പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടാത്തതിൽ പ്രവർത്തക സമിതിയോഗം പ്രതിഷേധിച്ചു. 1981 ലും '82 ലും വിളിച്ചുകൂട്ടിയ കോൺഫറൻസുകളിലെ തീരുമാനങ്ങൾ ശ്രദ്ധാപൂർവ്വം നടപ്പാക്കാതെയിരിക്കുന്നതാണ് എന്നാരോപിച്ചാൽ അതു നിഷേധിക്കപ്പെടുമെന്ന് തോന്നുന്നില്ല. സപ്ളിമെന്ററി ബില്ലുകളും കുടിശിക ബില്ലുകളും മാസങ്ങളോളം ഡപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ കെട്ടിക്കിടക്കുകയാണ്. ഇനിയും പ്രത്യക്ഷ സമരപരിപാടികളിലേയ്ക്ക് നമ്മെ തള്ളിവിടാതെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് പ്രവർത്തകസമിതി ഒരു പ്രമേയംവഴി അധികാരികളോടാവശ്യപ്പെട്ടു.

പ്രവർത്തകസമിതിയുടെ രണ്ടാമതു യോഗം 5–6–83 ന് പ്രസിഡന്റ് ശ്രീ എം. ആർ. ചന്ദ്രശേഖരന്റെ അദ്ധ്യക്ഷതയിൽ എറണാകുളം ഹോട്ടൽ എമ്പസ്സിയിൽ ചേർന്നു.

## തീരുമാനങ്ങൾ

1. കൺവൻഷൻ വിശേഷാൽ പ്രതിയുടെ പരസ്യത്തുകകൾ ജൂലൈ 5നകം ചീഫ് എഡിറ്റർക്ക് ലഭിക്കത്തക്കവിധം കളക്ട് ചെയ്ത് അയക്കേണ്ടതാണ്.

2. ജൂൺ, ജൂലൈ മാസങ്ങൾ കൊണ്ട് വാർഷിക വരിസംഖ്യ പിരിച്ച് അടയ്ക്കണം. വാർഷികഅംഗത്വ ഫീസ് 20 രൂപയാണ്.

3. കൺവൻഷൻ ഫണ്ടും സമരഫണ്ടും കുടിശികയുള്ള ബ്രാഞ്ചുകൾ ഉടൻതന്നെ കുടിശികതുകകൾ പിരിച്ചടയ്ക്കണം.

4. ക്ഷേമനിധിയിൽ നമ്മുടെ ഈ വർഷത്തെ ലക്ഷ്യമായ 1000 (ആയിരം) അംഗങ്ങളെ ചേർക്കുന്നതിന് ബ്രാഞ്ചുസെക്രട്ടറിമാർ പരമാവധി ശ്രമിക്കണം. അപേക്ഷാഫാറങ്ങൾക്ക് ജനറൽ സെക്രട്ടറിയ്ക്ക് എഴുതുക.

5. ശമ്പളകമ്മീഷന് നല്കേണ്ട മെമ്മോറാണ്ഡം തയ്യാറാക്കുന്നതിന് ഒരു ഉപസമിതിയെ നിശ്ചയിച്ചു. പ്രസ്തുത മെമ്മോറാണ്ഡത്തിൽ ഉൾപ്പെടുത്തണമെന്നാഗ്രഹിക്കുന്നകാര്യങ്ങൾ അംഗങ്ങൾ ജനറൽസെക്രട്ടറിക്ക് താമസിയാതെ അയച്ചു തരേണ്ടതാണ്.

6. ഹൈദ്രാബാദിൽ ചേരുന്ന AIFUCTO സമ്മേളനത്തിന് എതാനും പ്രതിനിധികളെ അയയ്ക്കാൻ തീരുമാനിച്ചു.

7. എൻ. എസ്. എസ്. മാനേജുമെൻറിൻെറ അധ്യാപകദ്രോഹ സ്ഥലംമാററങ്ങളിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. വളരെക്കാലമായി അസൗകര്യപ്രദമായ സ്ഥലങ്ങളിൽ ജോലി ചെയ്യുന്ന സംഘടനാ പ്രവർത്തകർക്ക് പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും സ്ഥലംമാററം നല്കിയിട്ടില്ലെന്നത് പ്രതിഷേധാർഹമാണ്. അടിയന്തിര വൈദ്യസഹായം ആവശ്യമുണ്ടാകാമെന്നതുകൊണ്ട് മെഡിക്കൽസർട്ടിഫിക്കററോടുകൂടി ആവശ്യപ്പെട്ടിട്ടും മട്ടന്നൂരിൽ നിന്ന് ശ്രീ. ആർ. രവീന്ദ്രൻനായർക്ക് സ്ഥലം മാററം നല്കിയിട്ടില്ലെന്നത് കടുത്തക്രൂരതയായിട്ടാണ് പ്രവർത്തകസമിതി കാണുന്നത്. ഈ സാഹചര്യത്തിൽ എൻ. എസ്. എസ്. മാനേജ്മെൻറുമായിട്ട് ബന്ധപ്പെട്ട് പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കണമെന്ന് ആവശ്യപ്പെടാനും മെമ്മോറാണ്ഡം നല്കാനും, രമ്യമായി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ ശക്തമായ പ്രത്യക്ഷസമരപരിപാടികൾ ആരംഭിക്കുന്നതിനും തീരുമാനിച്ചു.

8 നാട്ടിക എസ്. എൻ കോളേജിൽ വിദ്യാർത്ഥികളുടെ അച്ചടക്കസംബന്ധമായി അധ്യാപകർ സ്വീകരിച്ച ചില നടപടികളുടെ പേരിൽ അധ്യാപകരെ സ്ഥലം മാററുന്നതിനുള്ള ചില തല്പരകക്ഷികളുടെ ശ്രമങ്ങളിൽ പ്രവർത്തകസമിതി ഉൽക്കണ്ഠ രേഖപ്പെടുത്തി എസ്. എൻ. കോളേജുകളിലെ അധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് മാനേജ്മെൻറിന് നേരിട്ട് മെമ്മോറാണ്ഡം നല്കുന്നതാണ്.

9. മുണ്ടശ്ശേരി സ്മാരകഫണ്ടിൻെറകൂപ്പണുകൾ കൈവശമുള്ളവർ പിരിച്ചപണവും അവശേഷിക്കുന്ന കൂപ്പണുകളും ഉടനെ വൈസ് പ്രസിഡൻറ് ശ്രീ തോളൂർ ശശിധരൻെറ പേരിൽ അയച്ചു കൊടുക്കണം.

10. എ. കെ. പി. സി. ടി. എ.യും അംഗമായിട്ടുള്ള അധ്യാപക സർവ്വീസ് സംഘടനാ ഐക്യസമരസമിതിയുടെസമരപരിപാടികൾ വിജയിപ്പിക്കുന്നതിന് എല്ലാവരും സഹകരിക്കണമെന്ന് പ്രവർത്തക സമിതി ആഹ്വാനം ചെയ്തു.

11. പ്രമേയങ്ങൾ

ജില്ലാസഹകരണബാങ്കു സമരം ഒത്തുതീർപ്പാക്കണമെന്നും വില്ലേജ് ജീവനക്കാരെ സമരരംഗത്തേയ്ക്ക് തള്ളിവിടാതെ അവരുടെ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കണമെന്നും 60 വയസ്സ് ഓപ്ററ് ചെയ്തിട്ടുള്ള കോളേജ് അധ്യാപകർക്കും XIV B ഓപ്ററ് ചെയ്ത സ്കൂൾ അധ്യാപകർക്ക് അനുവദിച്ചമാതിരി റിട്ടയർമെൻറ് ആനുകൂല്യങ്ങൾ നല്കണമെന്നും ആവശ്യപ്പെടുന്നപ്രമേയങ്ങൾ പ്രവർത്തകസമിതി അംഗീകരിച്ചു. □

---

## വാർത്തകൾ

---

### 36 മണിക്കൂർ കൂട്ടധർണ

അധ്യാപക സർവ്വീസ് സംഘടനാ ഐക്യസമരസമിതിയുടെ നേതൃത്വത്തിൽ മെയ് 6 രാവിലെ മുതൽ ജില്ലാ താലൂക്ക് കേന്ദ്രങ്ങളിൽ മുപ്പത്താറുമണിക്കൂർ കൂട്ടധർണനടത്തി. കേന്ദ്രനിരക്കിലുള്ള ക്ഷാമബത്ത റൊക്കം പണമായി നല്കുക, ശമ്പളകമ്മീഷനിൽജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുക തുടങ്ങിയ പ്രധാനപ്പെട്ട ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടായിരുന്നു ധർണ.

### കേരളാ യൂണിവേഴ്സിററി എംപ്ളോയീസ് യൂണിൻ വാർഷികം

കേരളാ യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻെറ 22.ാം വാർഷിക സമ്മേളനം മെയ് 19, 20, 21, തീയതികളിൽ തിരുവനന്തപുരത്തു നടന്നു. വാർഷികത്തോടനുബന്ധിച്ചു നടന്ന വിദ്യാഭ്യാസ സമ്മേളനത്തിൽ ഡോ എം. പി. പരമേശ്വരൻ, ഡോ. മാത്യു കുര്യൻ, ശ്രീ. കെ. വി. ദേവദാസ്, ശ്രീ വി. കെ. കുര്യൻ തുടങ്ങിയവർ പങ്കെടുത്തു. □

# പ്രൊഫ. ആർ. പി. നായർക്ക് യാത്ര അയപ്പ്



പ്രൊഫ. ആർ. പി. നായർ പ്രസംഗിക്കുന്നു
പ്രൊഫ. കെ. രുഗ്മിണിഅമ്മ(പ്രിൻസിപ്പൽ)പ്രൊഫ. കെ. സുശീലൻപിള്ള,
പ്രൊഫ. വി. നാരായണൻകുട്ടി എന്നിവരാണ് സമീപം

നെന്മാറ എൻ. എസ്. എസ് കോളേജ് മാത്തമററിക്സ് പ്രൊഫസർ ആർ. പി. നായർ, മുപ്പത്തിഒന്നുവർഷത്തെ പ്രശസ്തമായ സേവനത്തിനുശേഷം കഴിഞ്ഞ മാർച്ച 31 ന് സർവ്വീസിൽ നിന്നും വിരമിച്ചു. എ. കെ. പി. സി. ടി.എ. യുടെ തുടക്കം മുതലേ അംഗമായിരുന്ന പ്രൊഫസർ ആർ. പി. യ്ക്ക് ഹൃദ്യമായ യാത്ര അയപ്പാണ് സഹപ്രവർത്തകർ നൽകിയത്.

കോളേജിൽ കൂടിയ യോഗത്തിൽ ബ്രാഞ്ചുപ്രസിഡൻറ് കെ. സുശീലൻ പിള്ള അധ്യക്ഷത വഹിച്ചു. സംഘടനയുടെ മുൻപ്രസിഡൻറും സിൻഡിക്കേററംഗവുമായ പ്രൊഫസർ വി. നാരായണൻകുട്ടി, മുൻജനറൽസെക്രട്ടറി പ്രൊഫസർ ജി. മാധവൻ നായർ, പ്രിൻസിപ്പൽ പ്രൊഫ. കെ. രുഗ്മിണി അമ്മ, പ്രൊഫ. പി. നരേന്ദ്രൻ, ജേർണൽ ചീഫ് എഡിററർ ശ്രീ വി. എൻ. മുരളി, പ്രൊഫ. ടി.വി.കെ. കുറുപ്പ്, പ്രൊഫ. ജി. പ്രഭാകരൻ നായർ, പ്രൊഫ പി. എസ്. ആർ. മേനോൻ, എന്നിവർ ആശംസകൾ നേർന്നുകൊണ്ടു സംസാരിച്ചു.

സെക്രട്ടറി ശ്രീ. പി. എൻ. ഗംഗാധരൻ നായർ സ്വാഗതവും ശ്രീ. കെ. എൻ. ദേവദാസ് കൃതജ്ഞതയും പറഞ്ഞു.

---

തിരുത്ത്

ഈ ലക്കം ജേർണലിൻെറ 11-ാം പേജിൽ 82-83 എന്നു കൊടുത്തിരിക്കുന്നത് 83-84 എന്ന് തിരുത്തിവായിക്കണമെന്നഭ്യർത്ഥിക്കുന്നു.

എഡിററർ

# GOVERNMENT OF KERALA

## HIGHER EDUCATION (F) DEPARTMENT

Trivandrum,
Dated: 6-4-83

No. 11679/F1/83/H. Edn.

From

THE SPECIAL SECRETARY TO GOVERNMENT

To

THE REGISTRAR,
UNIVERSITY OF KERALA/CALICUT

Sir,

**Sub:** Grant of non-cadre Ist Grade Professorship in Private Colleges - Constitution of Screening Committee.

**Ref:** G. O. MS. No. 37/83/ H. Edn. dated 2-3-1983

I am to invite a reference to the G. O. cited instituting non-codre Ist Grade Professorship in Arts, Science, Training and Sanskrit Colleges. It was mentioned there in that nomination to the non-cadre Ist Grade Professorship shall be made after clearance by a Screening Committee.

2. Government have accordingly constituted a Screening Committee consisting of the Director of Collegiate Education, the Joint Secretary to Government concerned in the Higher Education Department and the Principal Concerned for considering cases of teachers in Government Colleges for grant of non-cadre Ist Grade Professorship. This Committee will examine the service particulars of the teachers concerned and their confidential reports and clear cases for grant of non-cadre Ist Grade Professorship. A Copy of the order constituting the Screening Committee and detailing its functions is enclosed.

3. It is considered that in respect of teachers in Private Colleges, the universities may take action to form Similar Screening Committees for clearing cases for grant of non-cadre Ist Grade Professorship. The Screening Committee in respect of Private Colleges may include the Deputy Director of Collegiate Education of the region.

4. I am to request you to take necessary steps to form screening Committee as above and to detail their functions. The managements of Private Colleges may also be instructed to place before the Screening committee, the cases for grant of non-cadre Ist Grade Professorship.

5. A copy of the orders of the University constituting the Screening Committee and the instructions to the managements in this regard may be endorsed to Government, the Director of Collegiate Education and the Deputy Directors of Collegiate Education for information.

Yours faithfully,
Sd/-
For Spl Secretary (Higher Education)

# GOVERNMENT OF KERALA

## ABSTRACT

Collegiate Education Department-Screening Committee for Clearing cases for grant of non-cadre Ist Grade Professorship in Govt. Colleges - Orders issued.

## HIGHER EDUCATION (F) DEPARTMENT

G. O. MS. No. 66/83/H.Edn Dated, Trivandrum, 6th April, 1983.

Read:- G O. MS. No. 37/83/H. Edn. dated 2-3-1983

## ORDER

In the G. O. read above, instituting non-cadre Ist Grade Professorship in Arts, Science. Training and Sanskrit Colleges, it was mentioned that nomination to the non-cadre Ist Grade Professorship shall be made after clearance by a screening Committee.

2. Government are accordingly pleased to constitute a Screening Committe consisting of the following members for considering cases of teachers in Government Colleges, for grant of non-cadre Ist Grade Professorship.

The Director, Collegiate Education (Chairman & Convener)
The Principal of the College concerned.
The Joint Secretary to Govt. Higher Edn. Department
(in charge of College Education papers)

3. This committee will examine the details of service particulars of the teacher concerned, and their confidential report and clear cases for grant of non cadre Ist Grade Professorship. Nomination shall be made by Government on receipt of the recommendations of the Screening Committee.

4. In respect of teachers, in private colleges, the Universities will be requested to form similiar Screening Committees for clearing cases before grant of non cadre Ist Grade Professership.

By Order of the Governor
Sd/-
K. SRINIVASAN
Special Secretary to Govt.

# GOVERNMENT OF KERALA

## ABSTRACT

Collegiate Education - Non - cadre IInd Grade Professorship – reckoning of broken periods of qualifying service - modification of the existing conditions - Orders issued.

## HIGHER EDUCATION (F) DEPARTMENT

G. O. (MS). No. 63/83/H. Edn. Dated, Trivandrum, 2nd April, 1983.

Read:– 1. G. O. Ms. 132/73/Edn. dated 4-9-1973.

2. From the Director of Collegiate Education Letter No. Estt. D3/50020/81/L.Dis dated 12-8-1981.

## ORDER

One of the existing conditions regarding reckoning of qualifying service for non - cadre IInd Grade Professorship is that broken periods prior to breaks that exceed two years at a time will not count.

2. It has been pointed out that in the case of teachers who go for higher studies availing of Leave Without Allowances, cases where appointments are terminated for wanted of vacancies and the like, the actual periods of breaks sometimes exceed two year at a time, and so they lose the benefit of their past qualifying service for purpose of non–cadre Second Grade Professorship. The College Teachers Associations have been demanding that this condition may be relaxed.

3. Government have examined the matter. They are pleased to order that broken periods of qualifying service prior to breaks that do not exceed five years at a time shall be allowed to be reckoned for non-cadre IInd Grade Professorship.

4. This order will have effect only from its date. Cases settled in the past will not be re-opened.

By Order of the Governor,
Sd/-
G. VIBHUKUMAR
Under Secretary to Govt.

# ഗുരുവായൂരപ്പൻ കോളേജിൽ നിന്നും ഇക്കൊല്ലം വിരമിച്ച അധ്യാപകർ

## പ്രൊഫ. ആർ.വി.ആർ. തമ്പുരാൻ



ആർ. വി. ആർ. ടി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന പ്രൊഫ. രവിവർമ്മത്തമ്പുരാൻ 25 കൊല്ലത്തിലധികം കാലത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം 1983 മാർച്ചിൽ സർവ്വീസിൽ നിന്നും പിരിഞ്ഞു. അധ്യാപകവൃത്തിയിലെന്നതിനു പുറമെ തമ്പുരാൻ ക്രിക്കററ്കളിരംഗത്തും കലാരംഗത്തും പാടവം പ്രകടിപ്പിച്ചിരുന്നു. സേവനസ്ഥിരതയ്ക്ക് വേണ്ടി നടന്ന നിരാഹാര സമരത്തിൽ ആർ. വി. ടി. പങ്കെടുത്തിട്ടുണ്ട്. എ.കെ.പി.സി.ടി.എ.യുടെ ഒരു സജീവപ്രവർത്തകനായ അദ്ദേഹത്തിന് ഭാര്യയും ഒരു മകനും രണ്ടു പെൺമക്കളുമാണുള്ളത്.

## പ്രൊഫ. കെ ടി മാധവൻ നമ്പ്യാർ

കാൽനൂററാണ്ടുകാലം കോളേജിൽ സേവനമനുഷ്ഠിച്ച പ്രൊഫ. കെ. ടി. എം., കായികവിദ്യാഭ്യാസവകുപ്പ് തലവനായിരിയ്ക്കെയാണ് സർവ്വീസിൽ നിന്നും പിരിഞ്ഞത്. സംഘടനയുടെ വിവിധ പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം അദ്ദേഹം വഹിച്ചിട്ടുണ്ട്. കോഴിക്കോട്ടുവച്ച് കുറച്ചുകൊല്ലംമുമ്പ് നടന്ന സന്തോഷ്ട്രോഫി സംഘാടകകമ്മററിയുടെ കൺവീനറായിരിന്ന പ്രൊഫ. നമ്പ്യാർ. അദ്ദേഹത്തിന് ഭാര്യയും ഒരു മകളും രണ്ടാൺമക്കളും ഉണ്ട്.

## ജേർണൽ

സംഘടനാവാർത്തകളും ഗവ: ഓർഡറുകളുമെല്ലാം അംഗങ്ങൾക്ക് കൃത്യമായി എത്തിക്കാൻ ജേർണൽ പ്രയോജനപ്പെടുന്നുണ്ട്. വാർഷിക വരി സംഖ്യ പത്തുരൂപ മാത്രം. ചീഫ്എഡിററർക്ക് തുക അയയ്ക്കുക.

VASANTHAM
CHEMPAKASERRI NAGAR
KESAVADASAPURAM
TRIVANDRUM-4

# Kerala private college teacher

monthly journal of the all kerala private college teachers' association

No. 44 R. No. M-36025 / 81 Registered No. KL/TV (N) 237


## AIFUCTO പാർലമെന്റിനുസമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ

* ഹോസ്പിററൽ ബിൽ ഉടൻ പിൻവലിക്കുക.
* തൊഴിലുമായി ബന്ധപ്പെടുത്തി മതേതര ജനാധിപത്യത്തിലും ശാസ്ത്രീയസോഷ്യലിസത്തിലും ഊന്നിയ വിദ്യാഭ്യാസ സമ്പ്രദായം ഏർപ്പെടുത്തുക
* അദ്ധ്യാപകരുടെ പദവിയെ സംബന്ധിച്ച യുനെസ്കോ ചാർട്ടറും ഐ. എൽ. ഓ. ശുപാർശകളും നടപ്പിലാക്കുക.
* മൊത്തം വിദ്യാഭ്യാസചെലവ്, ബജററുചെലവിന്റെയും ആസൂത്രണചെലവിന്റെയും പത്തുശതമാനമായി ഉയർത്തുക.
* അദ്ധ്യാപകർക്കും ഇതരവിദ്യാഭ്യാസ ജീവനക്കാർക്കും പൗരവകാശ-രാഷ്ട്രീയ-ട്രേഡ്‌യൂണിയൻ സ്വാതന്ത്ര്യങ്ങൾ അനുവദിക്കുക.
* കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിദ്യാഭ്യാസനയരൂപീകരണസമിതികളിൽ അധ്യാപകസംഘടനകൾക്കും പ്രാതിനിധ്യം നൽകുക.
* എല്ലാവിഭാഗം അധ്യാപകർക്കും സേവന സ്ഥിരത ഉറപ്പുവരുത്തുക.
* ബാങ്ക് മുഖേനയോ ട്രഷറിമുഖേനയോ അധ്യാപകർക്ക് നേരിട്ട് ശമ്പളം ലഭ്യമാക്കുക.
* വിദ്യാഭ്യാസരംഗത്ത് സ്വകാര്യ മാനേജ്മെന്റ് സമ്പ്രദായം അവസാനിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭരണം ജനാധിപത്യവത്കരിക്കുകയും ചെയ്യുക.
* പത്താംതരം വരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുക.
* ശാസ്ത്രീയ—മതേതര സത്തയുൾക്കൊള്ളത്തക്കവണ്ണം കരിക്കുലവും സിലബസും പുന:സംഘടിപ്പിക്കുക.
* അധ്യാപകർക്ക് ഒരുദേശീയ വേതനനിരക്ക് ഏർപ്പെടുത്തുക; വിലക്കയററം കണക്കിലെടുത്ത് ഓരോ അഞ്ചുവർഷത്തിലും വേതനം പുനർനിർണയം ചെയ്യുക; വിലനിരക്ക് സൂചികയുമായി ബന്ധിപ്പിച്ച് ഡി.എ. നൽകുക.


printed and published by v.narayanankutty, at chempaka printers, trivandrum-4 phone 7

chief editor: v. n. murali.